**<u>15 -ാം കേരള നിയമസഭ</u>**

**<u>7 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 819</u>** **<u>06-12-2022 - ൽ മറുപടിയ്ക്ക്</u>**

**<u>സഹകരണ വകുപ്പിലെ ആധുനികവല്ക്കരണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വകുപ്പിലെ ഓഡിറ്റിനായി ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം നടപ്പിലാക്കാനുള്ള നടപടികളുടെ നിലവിലെ അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി തയ്യാറാക്കിയ Request for Proposal (RFP) പ്രകാരമുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | കേരള ബാങ്ക് രൂപീകരണം മൂലവും അർബൻ ബാങ്കിലെ ഓഡിറ്റ് സഹകരണ വകുപ്പിൽ നിന്നും എടുത്തു മാറ്റിയതു മൂലവും ജീവനക്കാരുടെ ജോലിഭാരം താരതമ്യേനെ കുറഞ്ഞ സാഹചര്യത്തിൽ പ്രസ്തുത വകുപ്പിലെ തസ്തികകൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | തസ്തികകൾ വകുപ്പിൽ തന്നെ നിലനിർത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കരുവന്നൂർ ബാങ്കിലെ ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ വകുപ്പിൽ ഒരേ തസ്തികയിൽ ദീർഘ കാലം ജോലി ചെയ്ത് വരുന്ന ജീവനക്കാരെ സ്ഥലം മാറ്റും എന്ന തീരുമാനം ഓഡിറ്റ് വിഭാഗത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | കരുവന്നൂർ ബാങ്കിലെ ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ വകുപ്പിൽ ഒരേ തസ്തികയിൽ ദീർഘകാലം ജോലി ചെയ്തു വരുന്ന ജീവനക്കാരെ സ്ഥലം മാറ്റും എന്ന തീരുമാനം ഓഡിറ്റ് വിഭാഗത്തിൽ സമയബന്ധിതമായി നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു. |
| (ഡി) | സഹകരണ സംഘങ്ങളിലെ പ്യൂൺ നിയമനം ഉൾപ്പെടെയുള്ള എല്ലാ നിയമനങ്ങളും സഹകരണ പരീക്ഷ ബോർഡിന് വിടുമെന്ന തീരുമാനം നടപ്പിലായോയെന്ന് വ്യക്തമാക്കുമോ; | (ഡി) | വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഇ) | സഹകരണ വകുപ്പിനെ ആധുനികവല്ക്കരിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; സഹകരണ വിജിലൻസിനെ കാര്യക്ഷമമാക്കും എന്ന പ്രഖ്യാപനം നടപ്പാക്കുന്നതിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ; | (ഇ) | **<u>1. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ</u>**<br><br>സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത |

സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി 12.05.2022-ന് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്യുകയും തുടർനടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

**<u>2. I.C.D.M.S. (Integrated Co-operative Department Management System)</u>**

പ്രസ്തുത പദ്ധതി പ്രകാരം സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ-ബൈലോ ഭേദഗതി, ഫണ്ട് മാനേജ്മെന്റ് മോഡ്യൂൾ, ഓഡിറ്റ് മോഡ്യൂൾ എന്നീ 3 സേവനങ്ങൾ ഓൺലൈൻ വഴി നടപ്പിലാക്കിയിട്ടുണ്ട്.

**<u>3. സഹകരണ ഇലക്ഷൻ മാനേജ്മെന്റ് സിസ്റ്റം</u>**

സഹകരണസംഘങ്ങളുടെ ഇലക്ഷൻ നടത്തുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള സോഫ്റ്റ് വെയർ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

**4. <u>Co-operative Audit Monitoring & Information System (C.A.M.I.S.)</u>**

സഹകരണ ഓഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി I.C.D.M.S. പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (C.A.M.I.S.) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും C.A.M.I.S. ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

**5<u>. ഇ-ഓഫീസ്</u>**

സഹകരണ വകുപ്പിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററുമായി (എൻ.ഐ.സി.) ചേർന്ന് നടപ്പിലാക്കി വരുന്നു. സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,

| | | | |
|---|---|---|---|
| | | | സഹകരണ ഓഡിറ്റ് ഡയറക്ടറേറ്റ്, എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) / ജോയിന്റ് ഡയറക്ടർ (ഓഡിറ്റ്) ഓഫീസുകൾ, താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/ അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്) ഓഫീസുകൾ എന്നിവിടങ്ങളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br><br>**6.വെബ് സൈറ്റ്**<br><br>സഹകരണ വകുപ്പിന്റെ വെബ് സൈറ്റ് നവീകരണ പ്രവർത്തനങ്ങൾക്കായി സി-ഡിറ്റിനെ ചുമതലപ്പെടുത്തി ആയത് പൂർത്തീകരിച്ചിട്ടുണ്ട്.<br><br>സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ്/ സഹകരണ വിജിലൻസ് എന്നീ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ട് സഹകരണ നിയമഭേദഗതി നടപ്പിൽ വരുത്തുന്നതാണ്. ഓഡിറ്റ് നടപടികൾ സുതാര്യവും ഫലപ്രദവുമാക്കുന്നതിനായി ടീം ഓഡിറ്റ് നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുണ്ട്. |
| (എഫ്) | സഹകരണ വകുപ്പിന്റെ ആധുനികവല്ക്കരണത്തിനായി പ്രത്യേക വിഭാഗം രൂപീകരിക്കുമോ; വിശദമാക്കാമോ? | (എഫ്) | സഹകരണ വകുപ്പിന്റെ ആധുനികവല്ക്കരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള ജീവനക്കാർക്ക് അധിക ചുമതല നൽകി സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽ ഐ.ടി. സെൽ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ